രജിസ്ട്രേഷൻ വൈകുന്നു: പാരാ മെഡിക്കൽ വിദ്യാർഥികൾ പ്രതിസന്ധിയിൽ

ഉണ്ണി ശുകപുരം
എഴുപുറ

ഏപ്പുപുറം ▸ ആരോഗ്യ സർവകലാശാലയിൽനിന്ന് പാരാമെഡിക്കൽ കോഴ്സ് കഴിഞ്ഞ് പുറത്തിറങ്ങുന്ന വിദ്യാർഥികൾക്ക് പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭിക്കാൻ വൈകുന്നതിനാൽ ഞാഴിവസറബ്ബനം നഷ്ടപ്പെടുന്നു. ബി.എസ്സി. എം.എൽ.ടി., പോലുള്ള കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർഥികൾക്കാണ് പഠനം കഴിഞ്ഞ് മാസങ്ങളേറെയും കാത്തിരിക്കേണ്ടി വരുന്നത്.

പരീക്ഷാഫലം വന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റിന് പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ ലഭിച്ചാലേ ജോലിക്ക് അപേക്ഷിക്കാനാവൂ. ഇതിനായി സർട്ടിഫിക്കറ്റിന്റെ പകർപ്പെടുത്ത് അറ്റസ്റ്റുചെയ്ത് തിരുവനന്തപുരത്തുള്ള കൗൺസിൽ ഓഫീസിലേക്ക് 500 രൂപയുടെ ഡി.ഡി. സഹിതം അയച്ചുകൊടുക്കണം. ഇത് ലഭിച്ചാൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കാനായി ആരോഗ്യ സർവകലാശാലയിലേക്കയക്കണം. ഈ നടപടികളെല്ലാം പൂർത്തിയാകാൻ ചുരുങ്ങിയത് മൂന്നുമാസമെടുക്കുമെന്നാണ് പറയുന്നത്.

സർവകലാശാല ഇത് പരിശോധിച്ചുവരുമ്പോൾ കൗൺസിലിന് തിരിച്ചയക്കും. അവിടെനിന്ന് തിരുവനന്തപുരം സെക്രട്ടേറിയറ്റ് അനക്സിലുള്ള കൗൺസിൽ ഡയറക്ടർ ഓഫീസിലേക്കയച്ച് അങ്ങനെ സെക്രട്ടറി ഉള്പ്പെടെ ഏഴ് കൗൺസിലിലേക്ക് അയച്ച് വേണം വിദ്യാർഥിക്ക് ലഭിക്കാൻ. ആറു മാസത്തിലേറെയായി ഈ നടപടിക്രമത്തിന് പരീക്ഷ കഴിഞ്ഞ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് രജിസ്ട്രേഷനും പൂർത്തിയാക്കിയാണ്. ഈ തിരി ഇവർക്കും നടപ്പാക്കുന്ന തെയുള്ളുവെന്ന് വിദ്യാർഥികം പറയുന്നു.

2026-ലെ ഖുദിയാം സർട്ടിഫിക്കറ്റുകളും ഇനിയും രജിസ്ട്രേഷൻ കിട്ടിക്കിടക്കുകയാണ്.

പ്രശ്നമായത് പുതിയ മാനദണ്ഡം

▸ സർട്ടിഫിക്കറ്റിൽ പ്പെടുക്കുന്ന ചുമതലയിൽ പുതുതായെത്തിയ അങ്കർ സെക്രട്ടറി വിദ്യാർഥികളുടെ കോഴ്സ് കപ്പിനാമസ്തത്തിന് കാരണമെന്ന് ആക്ഷേപമുണ്ട്. വിദ്യാർഥി കാക്കേ മുൻകൂട്ടി നൽകുന്ന നിബന്ധനകളിൽ ഇത് ഇല്ല.

മാതൃഭൂമി
വിദ്യാഭ്യാസരംഗം
education@mpp.co.in

ജോലിക്കോ സ്വന്തമായോ രു സ്ഥാപനം തുടങ്ങാനോ ശ്രമിക്കണമെങ്കിൽ സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ലഭിക്കണം.

ഡി. എം.ഒ. അടക്കമുള്ള സമ്മാന കോഴ്സുകളിൽ പരീക്ഷ കഴിഞ്ഞ് സർട്ടിഫിക്കറ്റ് കിട്ടാൻ ഒരുവർഷത്തിലേറെ കാത്തിരിക്കേണ്ടിവരുന്നതായി പരാതിയുണ്ട്.

പി.ജി. ഹോമിയോ: ഓപ്ഷൻ ഒൻപതുവരെ

തിരുവനന്തപുരം ▸ പി.ജി. ഹോമിയോ കോഴ്സിൽ പ്രവേശനത്തിനുള്ള അലോട്മെന്റിനായി ഓപ്ഷൻ നൽകാൻ ഒൻപതുവരെ അവസരമുണ്ടെന്ന് കമ്മിഷണർ അറിയിച്ചു. ഓപ്ഷൻ പുനഃക്രമീകരിക്കാനുള്ള അവസരം ഒൻപതിന് രാത്രി 10 വരെ ഓൺലൈനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാം. www.cee.kerala.gov.in

ബി.എസ്സി. നഴ്സിങ് സ്പെഷ്യൽ അലോട്മെന്റ്

ബി.എസ്സി. നഴ്സിങ് കോഴ്സിന് പ്രവേശനത്തിനുള്ള ഓൺലൈൻ സ്പെഷ്യൽ അലോട്മെന്റ് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഫോൺ: 0471-2560361.

കാലിക്കറ്റ് സർവകലാശാലാ വാർത്തകൾ

ഇലക്ട്രിസിറ്റി വർക്കർ നിയമനം

സർവകലാശാലാ എൻജിനിയറിങ് വകുപ്പിൽ കരാറടിസ്ഥാനത്തിലുള്ള ഇലക്ട്രിസിറ്റി വർക്കർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിജ്ഞാപനം പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ഓൺലൈനായി അപേക്ഷിക്കണം. എഴുത്തു പരീക്ഷ, ഇന്റർവ്യൂ, മലയാളവും എഴുതാനും കഴിയണം. എട്ടാം ക്ലാസ്, വയർമാൻ ലൈസൻസ് അഭികാമ്യം. ഉയർന്ന പ്രായപരിധി 40 വയസ്സ് (സംവരണ വിഭാഗക്കാർക്ക് നിയമാനുസൃത വയസ്സിളവ് ലഭിക്കും). ഒബി.സി., എസ്.സി./എസ്.ടി. വിഭാഗങ്ങളിലായി ഓരോ എൻ.സി.എ. ഒഴിവ് വീതമാണുള്ളത്. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ.

പരീക്ഷാ അപേക്ഷ

ഒൻപതാം സെമസ്റ്റർ ബി.കോം. എഫ്.എ.പി.ബി. ഓണേഴ്സ് (2021 പ്രവേശനം) ഏപ്രിൽ 2026 സപരീക്ഷകൾക്ക് പ്രോക്വിക്കർ പേപ്പറുകളും ഇന്റേണൽ അസസ്സ്മെന്റും ഒഴികെ) പിഴ കൂടാതെ 17 വരെയും 210 രൂപ പിഴയോടുകൂടി 20 വരെയും അപേക്ഷിക്കാം. ലിങ്ക് തിങ്കളാഴ്ച മുതൽ ലഭിക്കും.

മൂന്നാം സെമസ്റ്റർ എം.ആർ.ക്ക്. (2019 സ്കീം-2023, 2024, 2025 പ്രവേശനം) ജനുവരി 2027 റഗുലർ/സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ 19 വരെയും 210 രൂപ പിഴയോടുകൂടി 23 വരെയും അപേക്ഷിക്കാം. ലിങ്ക് 10 മുതൽ ലഭിക്കും.

പുനർമൂല്യനിർണയഫലം

നാലാം സെമസ്റ്റർ വിവിധ നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ (ഏപ്രി. ഡൈ.യ.ജി.ബി.) എപ്രിൽ 2026 പരീക്ഷാ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

ലക്കിടി എംഡിഎംഎ കേസിൽ യുവഡോക്ടർ പിടിയിൽ

വൈത്തിരി ▸ ലക്കിടിയിൽ എംഡിഎംഎയുമായി ഒമ്പതംഗ സംഘത്തിലെ പ്രധാനിയെ കേസിൽ മലയാളിയായ യുവഡോക്ടറെയും വൈത്തിരി പോലീസ് അറസ്റ്റുചെയ്തു.

മലപ്പുറം മൊറയൂർ സ്വദേശി ഖൈസൽ വീട്ടിൽ ഡോ. കെ. എൽ. മുഹമ്മദ് ഫാബിൽ (41) ആണ് അറസ്റ്റിലായത്. കോഴിക്കോട്ടെ സ്വകാര്യ സൂപ്പർ സ്പെഷ്യലിറ്റി ആശുപത്രിയിൽ എമർജൻസി ക്ലിനിക്കൽ കെയർ വിഭാഗം മേധാവിയാണ് മുഹമ്മദ് ഫാബിൽ.

ഒക്ടോബർ 22-ന് രാത്രി ലക്കിടിയിൽ നടത്തിയ വാഹനപരിശോധനയിലാണ് ഉപയോഗത്തിനും വിൽപ്പനയുമുള്ള കൈവശം സൂക്ഷിച്ച എംഡിഎംഎയുമായി മമ്മീസ് സ്വദേശികളായ പത്തംഗ സംഘത്തിലെ നാലുപേർ പോലീസ് പിടിയിലായത്. തുടർന്നുള്ള അന്വേഷണത്തിലാണ് കേസിൽ ഡോക്ടറുടെ പങ്ക് വ്യക്തമായത്. ഡോ. മുഹമ്മദ് ഫാബിനും കേസിലെ ഒന്നാംപ്രതിയായ നൗഫലും തമ്മിലുള്ള ഫോൺസംഭാഷണങ്ങളും വാട്സാപ്പ് ചാറ്റുകളും പണമിടപാട് വിവരങ്ങളും പോലീസ് കണ്ടെത്തി. എംഡിഎംഎ കൊണ്ടുവന്നത് മുഹമ്മദ് ഫാബിന് കൈമാറാനായിരുന്നെന്നും പോലീസ് പറഞ്ഞു. കേസിൽ മൂന്നാംപ്രതിയാണ് ഡോ. കെ. എൽ. മുഹമ്മദ് ഫാബിൽ.

നർക്കോട്ടിക് സെൽ അസിസ്റ്റൻ്റ് കമ്മിഷണർ ജയ്സൺ കെ. എബ്രഹാമിന്റെ നേതൃത്വത്തിലുള്ള ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡും വൈത്തിരി സർക്കിൾ ഇൻസ്പെക്ടർ പി.ജി. രാഹുലിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘവുമാണ് കേസന്വേഷിക്കുന്നത്.


ഡോ. മുഹമ്മദ് ഫാബിൽ

ശ്രീകുമാരൻ തമ്പിക്ക് കമുകറ പുരസ്കാരം

തിരുവനന്തപുരം ▸ ഇരുപത്തിയേട്ടാമത് കമുകറ പുരസ്കാരം ഗാനരചയിതാവ് ശ്രീകുമാരൻ തമ്പിക്ക്. ചലച്ചിത്രമേഖലയിലെ സമഗ്രസംഭാവനകളെ പുരസ്കാരത്തിന് അർഹനാക്കിയത്. 50001 രൂപയും ആർട്ടിസ്റ്റ് ഭട്ടതിരി രൂപകല്പനചെയ്യ ശിൽപവുമടങ്ങുന്നതാണ് പുരസ്കാരം. 14-ന് കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി സി.പി. രാജേന്ദ്രൻ പുരസ്കാരം സമ്മാനിക്കും. തെന്നിന്ത്യൻ ചലച്ചിത്രതാരം രാധ വിശിഷ്ടാതിഥിയാകും. പിന്നണി ഗായകരായ രാജലക്ഷ്മി വരികൾ, അപർണാ രാജീവ്, കമുകറ ശ്രീകുമാർ, രാജീവ് പെരുമ്പാവൂർ, ജി. ശ്രീറാം, തേക്കടി രാജൻ, ദിവ്യാ നായർ എന്നിവരുടെ സംഗീതപരിപാടി ഉണ്ടായിരിക്കും.

പി.വി. ശിവൻ, ഡി. ചന്ദ്രസേനൻ നായർ, ഗോപാലകൃഷ്ണൻ, ഡോ. ആർ. ശ്രീലേഖ, കമുകറ ശ്രീകുമാർ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.


ശ്രീകുമാരൻ തമ്പി

മാർപാപ്പ ലാറ്റിനമേരിക്കയിൽ

റോം ▸ പ്രമുഖകോശരത്തിലെ അർബുദ രശ്മുക്തിയുമുദ്ദേശ്യം ലിയോ പതിനാലാമൻ മാർപാപ്പ ലാറ്റിനമേരിക്കൻ സന്ദർശനത്തിന് പുറപ്പെട്ടു. തുടർന്ന് അർജന്റീനയിലെ ഒന്നാംഘട്ടത്തിൽ മജിസ്റ്റേട്ട് കോടതിയിൽ ഹാജരാകേണ്ടിയ പ്രതിയെ വിമാനത്തിൽ കയറ്റാനാകില്ലെന്ന് അധികൃതർ അറിയിച്ചു. ഇതേത്തുടർന്നാണ് മാർപാപ്പയുടെ യാത്ര റദ്ദാക്കിയത്.

വൈദ്യനിർദേശത്തെത്തുടർന്ന് പോപ്പ് തിരുമേനിയുടെ യാത്രയിൽനിന്ന് പിന്മാറുകയാണെന്ന് വത്തിക്കാൻ വക്താവ് മാറ്റിയോ ബ്രൂണി അറിയിച്ചു. ഇതിനുമുമ്പ് ഏപ്രിലിലാണ് പോപ്പ് ഫ്രാൻസിസ് ലാറ്റിനമേരിക്കൻ സന്ദർശനം നടത്തിയത്. ഇതിനിടെ ഏപ്രിൽ 21-ന് പോപ്പ് ഫ്രാൻസിസ് അന്തരിച്ചു.

എതിർപ്പുകൾ മറികടന്ന് നിത്യവിജയം

ഉത്തരാ പ്രിയദർശൻ


നിത്യ രാമനും കരൺ ബാസും

തിരഞ്ഞെടുപ്പ് പ്രക്രിയ

രണ്ടുഘട്ടങ്ങളിലായി നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെയാണ് ലോസ് ആഞ്ചലിസ് മേയറെ തിരഞ്ഞെടുക്കുന്നത്. എല്ലാ സ്ഥാനാർഥികളും ആദ്യം പങ്കെടുക്കേണ്ട പ്രൈമറി തിരഞ്ഞെടുപ്പിൽ. പാർട്ടി അടിസ്ഥാനത്തിലല്ല മത്സരം. എല്ലാ സ്ഥാനാർഥികളും ഒരേ ബാലറ്റിൽ. വോട്ടെടുപ്പിൽ ഏതെങ്കിലും ഒരു സ്ഥാനാർഥിക്ക് 50 ശതമാനത്തിലേറെ വോട്ടുലഭിച്ചാൽ അവർ നേരിട്ട് മേയറാകും. ആർക്കും 50 ശതമാനത്തിലേറെ വോട്ടുനേടാനായില്ലെങ്കിൽ കൂടുതൽ വോട്ടുനേടിയ രണ്ടുസ്ഥാനാർഥികൾ തമ്മിൽ തിരഞ്ഞെടുപ്പിൽ മത്സരിക്കും.

ടിയ സ്പെൻസർ പ്രാഥമികം. അങ്ങനെയാണ് കരൺ നിത്യയും പൊതുതിരഞ്ഞെടുപ്പിൽ ഏറ്റുമുട്ടിയത്. കടുത്ത മത്സരത്തിനൊടുവിൽ, കേരളത്തിന്റെ മകൾകൂടിയായ നിത്യ ജയിച്ചുകയറി.

ഡെമക്രാറ്റിക് സോഷ്യലിസ്റ്റ്

ഇത് ഒരു പരമ്പരാഗത രാഷ്ട്രീയപ്പാർട്ടിയല്ല. ഡെമക്രാറ്റിക് പാർട്ടിക്കുള്ളിലും പൊതുസമൂഹത്തിലും സോഷ്യലിസ്റ്റ് ആശയങ്ങൾക്കായി പ്രവർത്തിക്കുന്ന കൂട്ടായ്മയാണ്.

സമ്പദ്‌വ്യവസ്ഥയിലും സമൂഹത്തിലും ജനാധിപത്യപരമായ നിയന്ത്രണം വേണമെന്നും, സമ്പത്തിന്റെ തുല്യമായ വിതരണം ഉറപ്പാക്കണമെന്നും സംഘടന വാദിക്കുന്നു.

സൈന്യത്തിനെതിരേ പാകിസ്താനിൽനിന്നുതന്നെ രൂക്ഷ വിമർശനമുയർന്നു.

ഇസ്രയേലിൽ സർക്കാരുണ്ടാക്കുമെന്ന് ഗാദി ഐസൻകോട്ട്

ഐസൻകോട്ടിന് 67 സീറ്റിന്റെ അംഗങ്ങളുടെ പിന്തുണ

പുതിയ സർക്കാരിന് പിന്തുണ ഞായറാഴ്ചയെന്ന് പ്രസിഡന്റ്

ടെൽ അവിവ് ▸ ഇസ്രയേലിൽ പുതിയ സർക്കാരുണ്ടാക്കുന്നു എന്ന് പ്രതിപക്ഷനേതാവ് ഗാദി ഐസൻകോട്ട്. പ്രസിഡന്റ് ഐസക് ഹെർസോഗുമായി നടത്തുന്ന ചർച്ചകളുടെ രണ്ടാംദിവസമായ വ്യാഴാഴ്ച 120 അംഗനെസെറ്റിലെ 67 അംഗങ്ങളുടെ പിന്തുണ ഐസൻകോട്ട് ഉറപ്പാക്കി.

സർക്കാരുണ്ടാക്കാൻ 61 അംഗങ്ങളുടെ പിന്തുണവേണം. നിലവിലെ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെ പുറത്താക്കി ദേശീയ അടിയന്തര സുരക്ഷയിലേക്കും സുബോധത്തിലേക്കും നയിക്കുമെന്നും അദ്ദേഹം പറഞ്ഞു. പുതിയ സർക്കാർ രൂപവത്കരിക്കാൻ ആറര ദിവസമാണ് ലഭിക്കുക. ഞായറാഴ്ച അതിനുമുമ്പ് പ്രസിഡന്റ് ഐസക് ഹെർസോഗ് വ്യക്തമാക്കി.

യാഷർ, ടുഗദർ, ദ ഡെമോക്രാറ്റ്സ്, യിസ്രയേൽ ബെയ്തേനു എന്നിവരടങ്ങുന്ന പ്രതിപക്ഷ കൂട്ടുകെട്ടിനുള്ള 48 സീറ്റു കൊണ്ടുപുറമെ അറബ് പാർട്ടികളായ റാഅം(5 സീറ്റ്), ഹദാഷ് തൈ ലിസ്റ്റ്(11 സീറ്റ്) എന്നിവർ പിന്തുണ അറിയിച്ചതോടെയാണ് സർക്കാരുണ്ടാക്കാൻ ഐസൻകോട്ടിനുമുന്നിൽ സാധ്യത തുറന്നത്. പ്രധാനമന്ത്രിയാകുന്നതിന് ഐസൻകോട്ടിന് 61 അംഗങ്ങളുടെ പിന്തുണയാണ് ആവശ്യമായിരുന്നത്. ഇതിനുപുറമേ ഇൻഡിപെൻഡന്റ് കാക്കോ കാർ ജീയത് മുതൽ ഒരു വർഷം ഒരു യഹൂദവർഷത്തിന്റെ ഭാഗമായി ഒരു വർഷത്തേക്ക് എന്നിവർക്ക് പുറത്തുനിന്നുള്ള പിന്തുണയും ഉറപ്പാക്കിയിട്ടുണ്ട്.

രുങ്ങി. എന്നാൽ, ഐസൻകോട്ടിന്റെ പക്ഷത്തുള്ള യിസ്രയേൽ ബെയ്റ്റെനു അവണ് പാർട്ടികളുടെ പിന്തുണയെ ആശ്രയിക്കുന്ന സർക്കാരിൽ പങ്കാളിയാകില്ലെന്ന് ആവർത്തിച്ച വ്യക്തമാക്കി. ഇവർ പുതിയ പിന്തുണ ലിച്ചാൽ ഇസ്രയേലിന്റെ രാഷ്ട്രയകവി വീണ്ടും അനിശ്ചിതത്വത്തിലാകും. പ്രധാനമന്ത്രിയാകാൻ ഏറ്റവും സാധ്യതയുള്ള ആളെ സർക്കാരുണ്ടാക്കാൻ ക്ഷണിക്കാനുള്ള അധികാരം പ്രസിഡന്റിനാണ്. പരമ്പരാഗതമായി ഏറ്റവുമധികം സെനറ്റ് അംഗങ്ങാം പിന്തുണയുള്ള വ്യക്തിയെയാണ് പ്രസിഡന്റ് ഇതിനായി തിരഞ്ഞെടുക്കാറുള്ളത്.

"ചർച്ചകളുടെ ഫലം വ്യക്തമാണെന്ന് തോന്നുന്നു. ഞങ്ങളും ആർക്കാണ് സർക്കാർ രൂപവത്കരിക്കാൻ കഴിയുകയെന്ന് തിരുമാനിക്കാനുള്ള അധികാരം നിയമപ്രകാരം എനിക്കാണ്. വിവിധ രാഷ്ട്രീയപാർട്ടികളുടെ നേതാക്കളുമായി ഞാൻ ചർച്ചകൾ നടത്തുമുള്ള എതിർപ്പ് ണ കിലൊടുക്കുമ്പോഴും. ഇക്കാര്യത്തിൽ പൂർണമായ വ്യക്തതയില്ല' -ഹെർസോഗ് പറഞ്ഞു. തീരുമാനം ഞായറാഴ്ച അറിയിക്കുമെന്നും കൂട്ടിച്ചേർത്തു.

SUPPLYCO
കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്
മാവേലി സ്റ്റോർ, നാഗമ്പടം, കോട്ടയം - 686040.
കൊച്ചി-ഗോവ റൂട്ടിൽ സർവീസ് നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നു
www.supplycokerala.com, www.tenders.kerala.gov.in
ഇ - ടെൻഡറുകൾ മാത്രം

1. സർക്കുകയുടെ ശബ്ദവി ഉൽപ്പന്നങ്ങൾ വരുന്നതിനും, വിൽപനയും എന്നിവയ്ക്കായി ഇലക്ട്രോണിക് കരാറുകൾ എന്നിവയ്ക്ക് അവസരം നൽകുന്നതിനും ഇ-ടെൻഡറിംഗ് പോർട്ടൽ ആയ www.tenders.kerala.gov.in ൽ ഓൺലൈനായി ടെൻഡർ സമർപ്പിക്കുന്നതിന് താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും ഇ-ടെൻഡറുകൾ ക്ഷണിക്കുന്നു. ടെൻഡർ രേഖകൾ 2026 നവംബർ 10 മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ടെൻഡർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2026 നവംബർ 17 വൈകുന്നേരം 5 മണി വരെ. ടെൻഡർ തുറക്കുന്ന തീയതി 2026 നവംബർ 18 രാവിലെ 11 മണി. ടെൻഡർ രേഖകൾ സംബന്ധിച്ച വിശദാംശങ്ങൾ ഫോൺ നമ്പർ: 9447360458, 0484-2207925

2. സർക്കുകയുടെ മൊബൈൽ ഫോൺ ഉപയോഗിക്കുന്ന അയ്യായിരത്തോളം വരുന്ന ഉപഭോക്താക്കൾക്ക് ഓണം പ്രമാണിച്ച് ഓണസമ്മാനമായി ഒരു ഗ്രാം സ്വർണനാണയം നൽകുന്നതിനുള്ള നറുക്കെടുപ്പ് 2026 നവംബർ 18 ന് രാവിലെ 11 മണിക്ക് കോട്ടയം കുമാരനല്ലൂരിലുള്ള മാവേലി സ്റ്റോറിൽ വച്ച് നടത്തുന്നതാണ്. ഫോൺ നമ്പർ: 9497717425

അവസാന തീയതി : 13.11.2026, 5 PM.

ഡിജിറ്റൽ ഒപ്പുള്ള സ്ഥാപനങ്ങൾക്കോ കരാറുകാർക്കോ മാത്രമേ ഇ-ടെൻഡറുകളിൽ പങ്കെടുക്കാൻ അനുവാദമുള്ളൂ. നിബന്ധനകളും, വ്യവസ്ഥകളും സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി മേൽ പറഞ്ഞ ഫോൺ നമ്പർ ടെൻഡർ രേഖകൾ എന്നിവയിൽ നിന്നും ലഭിക്കുന്നതാണ്.

പൂർവ സൈനിക് സംഘർഷ് സമിതി സംസ്ഥാന സമ്മേളനം ഇന്ന് തിരൂരിൽ

തിരൂർ ▸ പൂർവ സൈനിക് സംഘർഷ് സമിതി കേരള (പി.എസ്. എസ്.എസ്.കെ.) യുടെ മൂന്നാമത് സംസ്ഥാന സമ്മേളനം വ്യാഴാഴ്ച തിരൂർ ആൽഫ ടൗൺ ഹാളിൽ നടക്കും. പി.എസ്. എസ്.എസ്.കെ. സംസ്ഥാന പ്രസിഡന്റ് ലെഫ്റ്റനന്റ് കേണൽ (റിട്ട.) ഷാജി ജോസഫ് പതാക ഉയർത്തും. ജനറൽ സെക്രട്ടറി ബാലചന്ദ്രൻ 'കീർത്തിയിൽ' സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

വർഷമുഴുവനും ഉയർന്നുനിൽക്കുന്ന സംഘടനാ പ്രവർത്തനങ്ങൾ, ശാരീരികമായി അവശരായ മുഴുവൻ സൈനികരുടെയും പെൻഷൻ പ്രശ്നങ്ങൾ, ഭൂമി കൈയേറ്റം തുടങ്ങിയവയിൽ സംഘടന നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്നിവ സമ്മേളനം ചർച്ചചെയ്യും. സംഘടനാ പ്രവർത്തനങ്ങളുടെ ഭാവിപരിപാടികൾക്ക് സമ്മേളനം രൂപംനൽകും. ഭാരവാഹികളെയും തിരഞ്ഞെടുക്കും.

പി.എസ്. എസ്.എസ്.കെ. സംസ്ഥാന പ്രസിഡന്റ് ലെഫ്റ്റനന്റ് കേണൽ (റിട്ട.) ഷാജി ജോസഫ്, ജനറൽ സെക്രട്ടറി ബാലചന്ദ്രൻ 'കീർത്തിയിൽ', സംസ്ഥാന ട്രഷറർ ഗോപാലകൃഷ്ണൻ കുന്നത്ത്, വൈസ് പ്രസിഡന്റ് ഗോപാലൻ കുട്ടി, ജോയിന്റ് സെക്രട്ടറി ഷാജി കുന്നത്ത്, ജില്ലാ പ്രസിഡന്റ് ഗോപാലൻ കുട്ടി, ജില്ലാ സെക്രട്ടറി ഷാജി കുന്നത്ത് എന്നിവർ പങ്കെടുത്തു.

അയനം -സി.വി. ശ്രീരാമൻ കഥാപുരസ്കാരം സി.വി. ബാലകൃഷ്ണന്


സി.വി. ബാലകൃഷ്ണൻ

തൃശ്ശൂർ ▸ അയനം സാംസ്കാരിക വേദിയുടെ അയനം - സി.വി. ശ്രീരാമൻ കഥാപുരസ്കാരത്തിന് (11,111 രൂപ) സി.വി. ബാലകൃഷ്ണന്റെ 'സ്പേച്ച് എന്ന കഥാസമാഹാരം അർഹമായി. നവംബർ 30-ന് വൈകിട്ട് അത്താണി സാഫല്യം അക്കാദമിയിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കുമെന്ന് അയനം ചെയർമാൻ വിജേഷ് എടക്കുന്നി, കൺവീനർ പി.വി. ഉണ്ണികൃഷ്ണൻ എന്നിവർ അറിയിച്ചു.

ഗുരുവായൂരിൽ ഇന്ന് തന്ത്രിയുടെ ഏകാദശി വിളക്ക്

ഗുരുവായൂർ ▸ ക്ഷേത്രത്തിൽ തന്ത്രി ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാടിന്റെ വക ഏകാദശി വിളക്ക് ശനിയാഴ്ച ആഘോഷിക്കും. രാത്രിയിലെ വിളക്കെഴുന്നള്ളിപ്പിന് ഗുരുവായൂരപ്പൻ എഴുന്നള്ളുമ്പോഴായിരിക്കണം ദിപങ്ങാം പ്രഭ പൊരിയും. തന്ത്രിയും കുടുംബാംഗങ്ങളും ചേർന്ന് ദീപം കൊളുത്തും. പത്ത് ഇടയ്യും പത്ത് നാഗസ്വരവും അടങ്ങുന്ന വാദ്യപ്രകടനം പ്രത്യേകിയുണ്ടാകും. ഗുരുവായൂർ മുരളി നാഗസ്വരവും ഗുരുവായൂർ കൃഷ്ണകുമാർ ഇടയ്യുമാണ് നയിക്കുക. രാവിലെയും ഉച്ചതിരിഞ്ഞും കാഴ്ചശ്രീവേലിക്ക് പെരുവനം കുട്ടൻമാരാരാണ് മേളം. കൊമ്പൻ ഇരുനിലൻ കേശവനാണ് തിടമ്പേറ്റുക. വിനയകുമാരും സുഭദ്രയുമാണ് കുട്ടിയുടെ താലപ്പൊലിയുണ്ടാകും. അവിട്ടത്തിന് കുട്ടിയുടെ താലപ്പൊലിയുണ്ടാകും.

വെള്ളിയാഴ്ച ഇ.ടി. സോമസുന്ദരന്റെ (പുരിനിമ) പേരിലുള്ള വിളക്കായിരുന്നു. ഗുരുവായൂർ ശശിമാരാരുടെ താലമേകലായിരുന്നു. ഞായറാഴ്ച നിത്യശീവ്ര തപാൽ വകുപ്പിന്റെ വിളക്കാഘോഷം ചൊവ്വാഴ്ചത്തേക്ക് മാറ്റി. പകരം ഗുരുവായൂർ ജ്യോത്സ്യൻ നാരായൻ വക വിളക്ക് ഞായറാഴ്ച നടക്കും.

പഞ്ചാബ് നാഷണൽ ബാങ്ക് punjab national bank അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ഞാലിൽ ബിൽഡിങ്, മിനി ബൈപ്പാസ് റോഡ്, മേവീപറമ്പ്, കോഴിക്കോട് - 673016. E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്

ബോമ്പായ് ടൗൺ/അക്കൗണ്ടിന്റെ പേര്/ വായ്പക്കാരന്റെ/ജാമ്യക്കാരുടെ പേരും വിലാസവും | വസ്തു വിവരണവും ചിത്രത്തോടുള്ള ആളുടെ പേരും സ്വത്തിന്റെയും | (എ) സർഫാസി ആക്ട് 2002 നിയമത്തിന്റെ റൂൾ 8(6) പ്രകാരം ലിമിറ്റഡ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് നിയമത്തിന്റെ റൂൾ 9(1) പ്രകാരം ഓതറൈസ്ഡ് ഓഫീസർ, (ബി) കടക്കാരനും ജാമ്യക്കാരനും പ്രതിഭാരമുള്ള പ്രതിഭാരമുള്ള

ലേല ARMB കോഴിക്കോട്

1 (1) M/s എർണാൽ ഓയിൽ Inc, ലബോറട്ടറി റോഡ്, പുതിയറ പി.ഒ, കോഴിക്കോട്, പിൻ-673009. പുതിയ ഇരുമ്പ് ഷെഡിന്റെ പടിഞ്ഞാറുവശത്തുള്ള ഭൂമിയുടെ തെക്കുവശത്തുള്ള ഭൂമിയുടെ തെക്കുവശത്തുള്ള ഭൂമിയുടെ തെക്ക